കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

www.lfa.kerala.gov.in

# ഷോളയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2017-18

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി24/886/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: 22.08.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഷോളയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഷോളയൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി24/886/2019     തിയ്യതി: - 22.08.2019

## പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.9.2017 മുതൽ തിയതി 16-9-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14-3-2019 മുതൽ 27-3-2019 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| 1 | കെ.ജി. റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | യു.ബിജുആന്റണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | കെ സി.ഹരിഗോബിന്ദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | എ.കെ ജിജീഷ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. രത്തിനാ രാമമൂർത്തി | 1-4-2017മുതൽ 31-3-2018 വരെ |

സെക്രട്ടറി

| | | |
|---|---|---|
| 1 | ചന്ദ്രലാൽ വി സി | 01.04.2017 മുതൽ 08.06.2017 വരെ |
| 2 | സുധർലാൽ വി എസ് (സെക്രട്ടറി ഇൻചാർജ്) | 09.06.2017 മുതൽ 10.07.2017 വരെ |
| 3 | മുഹമ്മദ് റഖീബ് ടി എസ് | 11.07.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 | സിബിൻ ടൈറ്റസ് | 01.04.2017 മുതൽ 30.06.2017 വരെ |
| | 2 | കർണ്ണൻ. എം.ആർ. | 1.7.17 മുതൽ 3.10.17 വരെ |
| | 3 | ബാബു. ബി.എം. | 4.10.17 മുതൽ 31.3.18 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1 | മാത്യു | 01.04.17 മുതൽ 31.03.18 വരെ |
| | 2 | രഞ്ജിത്ത് | |
| | 3 | പ്രസീദ് | |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | | ഡോ.അരുൺ അൽഫോൺസ് | 01.04.17മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | മണികണ്ഠൻ | 01.04.2017 മുതൽ 31.07.2017വരെ |
| | 2 | ഇ ഉണ്ണികൃഷ്ണൻ | 01.08.2017 മുതൽ 05.01.2018 വരെ |
| | 3 | അപർണ്ണ എസ് നായർ | 06.01.2018 മുതൽ 01.03.2018 വരെ |
| | 4 | ശ്രീജ | 02.03.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | ഡോ.സിന്ധുമോൾ | 01.04.2017മുതൽ 28.08.2017വരെ |
| | 2 | ഡോ.ചിത്ര കെ | 29/08/2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | | മരിയ ലൂക്കോസ് | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | 1 | സി.ഡി.സന്തോഷ് | 01.04.2017മുതൽ 22.08.2017വരെ |
| | 2 | സെൽവി എ | 23.08.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1 | അന്നപൂർണ്ണി.കെ | 01.04.17മുതൽ 26.11.2017 വരെ |
| | 2 | ദിവ്യ എം | 27.11.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ്സ് | 1 | അംബിക | 1.4.17 മുതൽ 4.6.17 വരെ |
| -ടി- | 2 | പത്മാവതി | 5.6.17 മുതൽ 26.7.17 വരെ |
| -ടി- | 3 | അബ്ദുൾ റസാഖ് | 27.7.17 മുതൽ 2.8.17 വരെ |
| -ടി- | 4 | പത്മാവതി | 3.8.17 മുതൽ 30.8.17 |
| -ടി- | 5 | സുശീല | 31.08.2017 മുതൽ 31.3.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | ഇ. ശാന്താമണി | 1.4.17 മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | 1 | സുധർലാൽ.വി.എസ് | 01.04.2017 മുതൽ 03.08.2017 വരെ |
| | 2 | ഗിരീഷ് ടി | 03.08.2017 മുതൽ 31.10.2017 വരെ |
| | 3 | കെ ശശികുമാർ | 31.10.2017 മുതൽ 21.01.2018 വരെ |
| | 4 | വേണു പി | 22.01.2018 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

ഭാഗം1


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | ഫണ്ട് വിനിയോഗം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | ആഭ്യന്തര നിയന്ത്രണം |


ഭാഗം2

| | | |
|---|---|---|
| 12 | 2-1 | തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 13 | 2-2 | ഡി&ഒ ലൈസൻസ്-കാര്യക്ഷമമാകേണ്ടതാണ് |
| 14 | 2-3 | ലൈഫ് ഭവന പദ്ധതി-ഭവനനിധി അക്കൗണ്ട് ആരംഭിച്ച് ധനസമാഹരണം നടത്തിയിട്ടില്ല |
| 15 | 2-4 | പെർമിറ്റ് ഫീസ് കണക്കാക്കുന്നതിലെ അവ്യക്തത പരിഹരിക്കേണ്ടതാണ് |
| 16 | 2-5 | വസ്തുനികുതി പിരിവ്-ഊർജ്ജിതമാകേണ്ടതാണ് |
| 17 | 2-6 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. |

ഭാഗം3

| | | |
|---|---|---|
| 18 | 3-1 | ഭവന പുനരുദ്ധാരണം - ഓവർസീയറുടെ സാക്ഷ്യപത്രമില്ലാതെ ആനുകൂല്യം നൽകിയിട്ടുണ്ട്. |
| 19 | 3-2 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്. |
| 20 | 3-3 | ലാപ്പ്ടോപ്പുകൾ വാങ്ങിയതിന്റെ - വാറണ്ടി കാലയളവ് ആവശ്യപ്പെട്ടതും വിതരണം ചെയ്തതും തമ്മിൽ അന്തരമുണ്ട്. |
| 21 | 3-4 | അങ്കണവാടികൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല |
| 22 | 3-5 | ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ. |
| 23 | 3-6 | അങ്കണവാടികളുടെ അനുപൂരക പോഷകാഹാരത്തിന്റെ മെയിൻ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല. |
| 24 | 3-7 | അങ്കണവാടി ജീവനക്കാർക്ക് അധിക ഹോണറേറിയം നൽകിയ കണക്കുകളിലെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല. |
| 25 | 3-8 | അങ്കണവാടികൾ - കേന്ദ്രസഹായത്തിലെ ചെലവഴിക്കാത്ത തുക ഭൗതിക സാഹചര്യങ്ങൽ മെച്ചപ്പെടുത്തുവാനായി വിനിയോഗിക്കാം. |
| 26 | 3-9 | കുടുബശ്രീ ആശ്രയ ചാലഞ്ച് ഫണ്ട് വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| 27 | 3-10 | ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം |
| 28 | 3-11 | സാന്ത്വന ചികിത്സാ പദ്ധതി - അവലോകനം |
| 29 | 3-12 | മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ |
| 30 | 3-13 | പൂർത്തീകരണ സമയം വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 31 | 3-14 | കുടിവെള്ള പദ്ധതികളിൽ ടാപ്പ് കണക്ഷൻ നൽകൽ എന്ന വ്യക്തിഗത ആനുകൂല്യം നൽകിയതിൽ മാർഗനിർദേശങ്ങൾ പാലിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 32 | 3-15 | പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു. |
| 33 | 3-16 | തൊഴിലുറപ്പ് പദ്ധതി - നീർത്തട മാസ്റ്റർ പ്ളാൻ തയ്യാറാക്കിയിട്ടില്ല. |
| 34 | 3-17 | തെരുവു വിളക്കുകളുടെ പരിപാലനം - സംയോജിതമാക്കാവുന്നതിന് |

ഭാഗം4

| | | |
|---|---|---|
| 35 | 4-1 | സംയുക്ത പ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 36 | 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 37 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 38 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 39 | 4-5 | സ്ഥിര നിക്ഷേപം |
| 40 | 4-6 | ഓഡിറ്റ് റിക്കവറി |
| 41 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 42 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 43 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 44 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

25/3/2017 തീയതിയിലെ 1-ാം തീരുമാന പ്രകാരം അംഗീകരിച്ച. പുതുക്കിയ ബജറ്റ് 23-2-2018 തീയതിയിലെ 1-ാം തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 15-5-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.6.2018 മുതൽ 30.6.2018 വരെ | കെ.എസ്.എ-പികെഡി121/1904(11)/18 തീയതി 29.8.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22368951.72 |
| വരവ് | 96970942 |
| ആകെ | 119339893.72 |
| ചെലവ് | 101790065 |
| നീക്കിയിരിപ്പ് | 17549828.72 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | -0- | 29364833 | 29364833 | 21701157 | 7663676 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | -0- | 2281606 | 2281606 | 510000 | 1771606 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | -0- | 27733498 | 27733498 | 12809889 | 14923609 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | -0- | 4097000 | 4097000 | 3450930 | 646070 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | -0- | 7812357 | 7812357 | 7520403 | 291954 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | -0- | 15578142 | 15578142 | 13127431 | 2450711 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | -0- | 8635177 | 8635177 | 5439872 | 3195305 |
| എം.ജി. | | | | | |

| | | | | | | |
|---|---|---|---|---|---|---|
| എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | -0- | 38572448 | 38572448 | 38572448 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13792 | 1890035 | 1903827 | 1894726 | 9101 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | -0- | -0- | -0- | -0- | -0- |
| | ജില്ലാ പഞ്ചായത്ത് | 2390000 | 10731084 | 13121084 | -0- | 13121084 |
| ബി ഫണ്ട് | | -0- | 35872400 | 35872400 | 35872400 | -0- |
| ജനറൽപർപ്പസ് ഗ്രാന്റ്+ ബാങ്ക് അക്കൗണ്ട്+ ട്രഷറി അക്കൗണ്ട് | | 8493320.72 | 33798702 | 42292022.72 | 38255949 | 4036073.72 |

## 1-6 ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 123928200 | 97 | 67636494 | 28 | 76 | 48.26 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 13792 | 1890035 | 1903827 | 1894726 | 9101 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 38572448 | 38572448 | 38572448 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 115400 | 12 |
| വിവാഹ ധനസഹായം | 90000 | 3 |
| വിധവാപെൻഷൻ | 10378700 | 860 |
| വാർദ്ധക്യകാലപെൻഷൻ | 2367200 | 1194 |
| വികലാംഗപെൻഷൻ | 1603500 | 132 |
| | | |

| | | |
|---|---|---|
| 50വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12800 | 1 |
| | | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-3-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5750രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-2-2019 | 1-1-2019-31-1-2019 | 5-2-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5-5-2014മുതൽ 13-5-2014വരെ | 2009-10-2013-14 | 15-7-2014 |

## 1-11 ആഭ്യന്തര നിയന്ത്രണം

കുടിവെള്ള കുടിശ്ശിക വെള്ളക്കരം പിരിച്ചെടുക്കുന്നത് സംബന്ധിച്ചും കൃത്യത പരിശോധിക്കാനാവശ്യമായ സംവിധാനം നിലവിലില്ല. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ചും മുൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷത്തിൽ എെ.എസ്.ഒ.സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് തനത് ഫണ്ടുപയോഗിച്ച് 250000/-രൂപ വകയിരുത്തിയിരുന്നു. എന്നാൽ ടി സാമ്പത്തിക വർഷത്തിൽ ആയതിലേക്ക് ഒരു തുകയും ചെലവഴിച്ചിട്ടില്ല.

# <u>ഭാഗം -2</u>

# <u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 തൊഴിൽനികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2017-18 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽനികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

<u>എ) സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും 5-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ചട്ടം 18(3) പ്രകാരം 5-ാം നമ്പർ ഫോറത്തിന്റെ പകർപ്പ് ഓഫീസ് തലവനോ തൊഴിലുടമയ്ക്കോ നൽകേണ്ടതുമാണ്. നിലവിൽ സ്ഥാപനങ്ങളുടേ പേര് ഉൾപ്പെടുന്ന ഒരു ലിസ്റ്റ് ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യഭാഗത്ത് ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ചട്ടം അനുസരിച്ച് രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതാണ്.

<u>ബി)ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതുമൂലം നികുതിനഷ്ടത്തിനുള്ള സാദ്ധ്യതയുണ്ട്.

| ക്രമ നം | സ്ഥാപനം (ജീവനക്കാരുടെ എണ്ണം) | അർദ്ധ വർഷം |
|---|---|---|
| 1 | പാം ലീഫ് പ്ലേറ്റ്സ്&പേപ്പർ നാപ്കിൻ (14) | 1&2 |
| 2 | ഓർഗാസെർട്ട് (5) | 1&2 |
| 3 | അമല കാന്റിൽ വർക്ക്സ് (3) | 1&2 |
| 4 | കുറവൻപാടി ക്ഷീരോത്പ്പാദക സഹകരണ സംഘം | 1&2 |
| 5 | ഹരിത കറി പൗഡർ യൂണിറ്റ് (10) | 1&2 |
| 6 | കോ-ഓപ്പറേറ്റീവ് ബാങ്ക്, കോട്ടത്തറ | 1&2 |
| 7 | ക്ഷീരോത്പ്പാദക സഹകരണ സംഘം, കോട്ടത്തറ | 1&2 |
| 8 | ക്ഷീരോത്പ്പാദക സഹകരണ സംഘം, ഷോളയൂർ | 1&2 |

<u>സി) കരാറുകാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുമായി കരാർ പ്രവർത്തികളിൽ ഏർപ്പെട്ടിട്ടുള്ളതും മറ്റ് പഞ്ചായത്തുകളിൽ തൊഴിൽ നികുതി അടക്കാത്തതുമായ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കിയതോ ആയി കാണുന്നില്ല. പഞ്ചായത്തുമായി മരാമത്ത് പ്രവർത്തികളിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് | ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | ശെൽവരാജ്, ശെൽവ നിവാസ്, കോട്ടത്തറ | 2 |
| 2 | എൻ.നാഗരാജ്, മട്ടത്തുകാട് | 3 |
| 3 | ആർ.മൂർത്തി, ചീരക്കടവ്, പുതുർ | 1 |
| 4 | എൻ.ചന്ദ്രൻ, 70 ഏക്കർ, ചീരക്കടവ് | 5 |
| 5 | എം.വി.സുധാകരൻ, മണ്ണൂർ വീട്, ആനക്കട്ടി | 2 |
| 6 | എൻ.കെ.രഘൂത്തമൻ, നെല്ലിശ്ശേരിൽ വീട്, അഗളി | 1 |
| 7 | എം.മുരുഗേശൻ, വണ്ണാന്തറ, കോട്ടത്തറ | 2 |
| 8 | പി വി ശിവദാസ്, പൂഴിക്കുന്ന് പറമ്പിൽ വീട്, ജെല്ലിപ്പാറ | 7 |
| 9 | നൗഷാദ്.വി, മാണ്ടിക്കൽ വീട്, അഗളി | 5 |
| 10 | മുത്തുകുമാർ.എൻ, പാടവയൽ, പാലൂർ | 1 |
| 11 | കനകരാജ്.എം, മട്ടത്തുകാട് | 2 |
| 12 | വി.ചിന്നസ്വാമി, വട്ടലക്കി, മട്ടത്തുകാട് | 3 |
| 13 | ബി.രാജേന്ദ്രൻ, വട്ടലക്കി, മട്ടത്തുകാട് | 1 |
| 14 | ഗിരിദാസ്.കെ.ഡി, കൊച്ചുകടിയിൽ വീട്, ചിറ്റൂർ, അഗളി | 2 |

| | | |
|---|---|---|
| 15 | എസ്.കെ.മണി, മുണ്ടൂർ തൊടിയിൽ, നഞ്ചൻ കോളനി | 1 |
| 16 | അരുൺഗാന്ധി, അരുൺനിവാസ്, അഗളി | 1 |

<u>ഡി)റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.ടി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി തനതു വരുമാനം

വർദ്ധിപ്പിക്കേണ്ടതാണ്.

<u>ഇ)അർദ്ധ വാർഷിക വരുമാനത്തിന് അനുസൃതമായ നിരക്കിലുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാ ക്കാവുന്നത് | കുറവ് | രശീതി നം |
|---|---|---|---|---|---|---|---|
| 1 | PHC ഷോളയൂർ | ശരത്ത്.ടി എസ് (JHI) | 1,33,200/- | 600/- | 1,250/- | 650/- | 117010100500 തി-20.09.17 (ഒന്നാം അർദ്ധ വർഷം) |
| 2 | PHC ഷോളയൂർ | ഹസീന.എൻ.എം (JHI) | 1,33,200/- | 600/- | 1250/- | 650/- | |
| 3 | PHC ഷോളയൂർ | മിനി.എസ് (JPHN) | 1,33,200/- | 600/- | 1250/- | 650/- | |
| 4 | PHC ഷോളയൂർ | അഞ്ജലി.എസ്. സോളമൻ | 1,33,200/- | 1000/- | 1250/- | 250/- | 117010101078 തി-14.3.18 (രണ്ടാം അർദ്ധ വർഷം) |
| 5 | കനറ ബാങ്ക് | സഞ്ജ്യോത്.സി (SWO) | 1,51,476/- | 1000/- | 1250/- | 250/- | 117010400002 തി-5.3.18 (രണ്ടാം അർദ്ധ വർഷം) |
| 6 | കനറ ബാങ്ക് | സ്വാതികൃഷ്ണ.എസ് | 1,51,476/- | 1000/- | 1250/- | 250/- | |
| | | | ആകെ | | | 2,700/- | |

കുറവുവന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എഫ്)<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി സ്ഥാപന രജിസ്റ്റർ തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. പുതുതായി ഡി&ഒ ലൈസൻസ് അനുവദിക്കുന്ന സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരുണ്ടെങ്കിൽ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.
2. എല്ലാ സ്ഥാപനങ്ങളിലേയും ജിവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.
3. എല്ലാ ട്രേഡേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കേണ്ടതാണ്.
4. നികുതി ഈടാക്കുന്നതിൽ ചട്ടം പാലിക്കേണ്ടതാണ്.
5. റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.
6. ഓരോ അർദ്ധവർഷത്തേയും നികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നുണ്ടെന്നും ഗ്രാമ പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നില്ലെന്നും മേലധികാരികളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പാക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കേണ്ടതും നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 ഡി&ഒ ലൈസൻസ്-കാര്യക്ഷമമാകേണ്ടതാണ്

2017-18 വർഷത്തിൽ ലഭിച്ച ഡി&ഒ അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ച് താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എ)<u>അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം</u>

ഡി&ഒ ലൈസൻസ് ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതുപോലെ മൊത്തം വിറ്റ് വരവ്,ജീവനക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്താത്തത് നികുതി നഷ്ടത്തിന് ഇടയാക്കുന്നു.

ബി)<u>ഡി&ഒ ലൈസൻസ് -ഭേദഗതി പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് ഫീസ് ഏകീകരണവും വർദ്ധനയുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ജി.ഒ(പി)80/17/തസ്വഭവ പ്രകാരം മാറ്റം വരുത്തിയിട്ടുണ്ട്. ഭേദഗതി ചട്ട പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. പട്ടിക 2ൽ ലൈസൻസ് ഫീ നിശ്ചയിക്കുന്നതിന് ഒരു ദിവസത്തെ മൊത്തം വിറ്റു വരവിനു പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വ്യവസായ സ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

ഭേദഗതി പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്.

<u>സി) പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല.</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് ഡി&ഒ ലൈസൻസ് ആവശ്യമാണ്.എന്നാൽ ഷോളയൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളൊന്നും ഡി & ഓ ലൈസൻസ് എടുത്തിട്ടില്ലെന്ന് ഡി & ഓ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. .

ഡി<u>) 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രാകാരമുള്ള നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന് 24.9.16 ലെ 576/ഡി.സി.1/16, ത.സ്വ.ഭ.വ
സർക്കുലറിലൂടെ താഴെ ചേർത്തിട്ടുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് .

1. വിൽപന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2. വിൽപന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം .

3. ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000 രൂപ പ്ളാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി മേൽപ്രകാരം ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം , ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4. പ്ലാസ്റ്റിക് മാലിന്യത്തിന്റെ തോത് അനുസരിച്ച് കൂടുതൽ മാലിന്യ പരിപാലന ഫീസ് വ്യാപാരികളിൽ നിന്നും ഈടാക്കാവുന്നതാണ്.

5. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് ഫീസ് ഈടാക്കുന്നതാണ് എന്നത് വളരെ വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6. പ്ലാസ്ററിക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്

ഷോളയൂർ ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനായും , മാലിന്യ പരിപാലനം കാര്യക്ഷമമാക്കുന്നതിനും സർക്കുലറിലെ നിർദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല.

<u>ഇ)ട്രേഡ്സ് ലിസ്റ്റ് സൂക്ഷിക്കുുന്നില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും പുതുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിനായി വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ട്രേഡ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും സ്ഥാപനങ്ങളുടെ ലിസ്റ്റ് കാലികമാക്കേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്.പുതിയ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനായി ഓരോ വർഷവും ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ ലിസ്റ്റ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

<u>എഫ്) ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. 2010 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ പുതുക്കി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷകൾ പൂർണ്ണമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

3. അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട്, അംഗീകാരം നൽകിയ വ്യക്തിയുള്ള ഒപ്പ് എന്നിവ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4. പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണത്തിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

5. ലൈസൻസ് ഇല്ലാതെ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

6. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ലൈഫ് ഭവന പദ്ധതി-ഭവനനിധി അക്കൗണ്ട് ആരംഭിച്ച് ധനസമാഹരണം നടത്തിയിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ എം.എസ്.151/2017/ തസ്വഭവ തീയതി 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധന സമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും

ബന്ധപ്പെട്ട അദ്ധ്യക്ഷൻ,സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. അതുപോലെ സി.എസ്.ആർ ഫണ്ട്, വിവിധ തരത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കൽ, വിവിധ തരത്തിലുള്ള സ്പോൺസർഷിപ്പുകൾ, എം.പി/എം.എൽ.എ വികസന ഫണ്ടുകൾ, നിയമാനുസൃതമായ മറ്റ് രീതികൾ എന്നിങ്ങനെയും ഫണ്ട് ശേഖരിക്കാം. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെയെങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 10 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-4 പെർമിറ്റ് ഫീസ് കണക്കാക്കുന്നതിലെ അവ്യക്തത പരിഹരിക്കേണ്ടതാണ്

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II-ൽ മൊത്തം തറ വിസ്തീർണ്ണത്തെ (ഫ്ലോർ ഏരിയ) അടിസ്ഥാനമാക്കിയാണ് പെർമിറ്റിനുള്ള ഫീസ് നിശ്ചയിക്കേണ്ടത്. കൂടാതെ കാർഷെഡ്, ടോയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും ഫ്ലോർ ഏരിയയോടൊപ്പം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കാവുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. സങ്കേതം സോഫ്റ്റ്‌വെയർ പ്രകാരം തയ്യാറാക്കിയിട്ടുള്ള അപേക്ഷകളിൽ പെർമിറ്റ് ഫീ ഈടാക്കുന്നത് പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിലാണ്.

| ക്രമ നം | വാർഡ് നം | അപേക്ഷകൻ | പ്ലിന്ത് ഏരിയ | ഫ്ലോർ ഏരിയ |
|---|---|---|---|---|
| 1 | - | ഡോ.കെ.മുരളീധരൻ, ട്രൈബൽ മിഷൻ, ആനക്കട്ടി | 74.17 | 59.00 |
| 2 | 12 | സുബ്രമണ്യൻ.ടി,. സിന്ധു നിവാസ്, സ്വർണ്ണപ്പിരിവ് | 142.89 | 126.07 |
| 3 | 13 | രാജേന്ദ്രൻ, പുത്തൻ വീട്ടിൽ, കോട്ടത്തറ | 103.7 | 81.9 |
| 4 | 14 | ഷൈൻ എസു ബാബു, കുഴിപ്പറമ്പിൽ വീട്, രാജീവ് കോളനി | 55.28 | 46.04 |

സമർപ്പിക്കപ്പെടുന്ന പ്ലാനുകളിൽ ചട്ടപ്രകാരമുള്ള എല്ലാ അളവുകളും രേഖപ്പെടുത്തുന്നുണ്ടെന്ന് എഞ്ചിനിയറിംഗ് വിഭാഗം ഉറപ്പാക്കേണ്ടതാണ്. പ്ലിന്ത് ഏരിയ മാത്രമാണ് പല പ്ലാനുകളിലും രേഖപ്പെടുത്തിയിട്ടുള്ളത്. ഫ്ലോർ ഏരിയ പല പ്ലാനുകളിലും രേഖപ്പെടുത്തിയിട്ടില്ലെങ്കിലും പ്ലാനുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

ചട്ടങ്ങളിലെ അവ്യക്തതകളും സോഫ്റ്റ്‌വെയറിലെ അപാകതകളും മൂലമാണ് പെർമിറ്റ് ഫീസ് ഈടാക്കുന്നതിൽ അവ്യക്തത നിലനിൽക്കുന്നതെങ്കിൽ അക്കാര്യം ഉന്നതാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.

ബി)പെർമിറ്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച തിയതി മുതൽ 15 ദിവസത്തിനുള്ളിൽ രേഖാമൂലമുള്ള ഉത്തരവ് വഴി സെക്രട്ടറി പെർമിറ്റ് നൽകേണ്ടതാണ്. തീർപ്പുകൽപ്പിക്കാത്ത പക്ഷം പെർമിറ്റ് ലഭിച്ചതായി കണക്കാക്കി അപേക്ഷകന് നിർമ്മാണം തുടങ്ങാവുന്നതാണ്. 2017 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ഭേദഗതി ചട്ടങ്ങൾ പ്രകാരം 31-10-2017 മുതൽ ഈ സമയപരിധി ബാധകമാണ്. എന്നാൽ, പഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് അപേക്ഷകളുടെ പരിശോധനയിൽ പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന്റെ ഭൂപ്രകൃതി,ഫയലുകൾ കൈമാറ്റം ചെയ്യുന്നതിലെ കാലതാമസം എന്നിവ മൂലമാണ് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ കഴിയാത്തതെന്നാണ് ഓഡിറ്റ് അന്വേഷണം 9 ന് മറുപടിയായി അറിയിച്ചിട്ടുള്ളത്.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | അപേക്ഷകൻ | അപേക്ഷ | പെർമിറ്റ് |
|---|---|---|---|

| നം | | തിയ്യതി | തിയ്യതി |
|---|---|---|---|
| 1 | ഗിരിജൻ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 22.2.18 | 21.6.18 |
| 2 | ലാലി &അബ്രഹാം, കാരിക്കൽ മേലേത്ത് | 8.3.18 | 6.4.18 |
| 3 | ഷൈൻ സി ചിന്നൻ, ചീരൻ വീട്, പഴഞ്ഞി | 8.3.18 | 4.5.18 |
| 4 | എ എം ലളിത, ചീരൻ വീട്, പഴഞ്ഞി | 9.3.18 | 4.5.18 |

മേൽ അപാകത പരിഹരിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി പിരിവ്-ഊർജ്ജിതമാകേണ്ടതാണ്

വസ്തു നികുതി പിരിവിലെ കാര്യക്ഷമതയും സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റയുടെ കൃത്യതയും വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

നിലവിൽ സഞ്ചയയിലെ ആകെ കെട്ടിടങ്ങുടെ എണ്ണം 8609 ആണ്. ആയതിൽ 6649എണ്ണം ഗാർഹികവും 1960 എണ്ണം ഗാർഹികേതരവുമാണ്.

എ) വസ്തുനികുതി -ഭീമമായ തുക കുടിശ്ശികയായി നില നിൽക്കുന്നു

2017-18 സാമ്പത്തിക വർഷാവസാനത്തിൽ നില നിൽക്കുന്ന വസ്തു നികുതിയുടെ കുടിശ്ശിക വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | റെസിഡെൻഷ്യൽ ബിൽഡിങ് (കറന്റ്) | 2,13,766/- |
| 2 | റെസിഡെൻഷ്യൽ ബിൽഡിങ് (കുടിശ്ശിക) | 8,31,886/- |
| 3 | നോൺ-റെസിഡെൻഷ്യൽ ബിൽഡിങ് (കറന്റ്) | 8,75,360/- |
| 4 | നോൺ-റെസിഡെൻഷ്യൽ ബിൽഡിങ് (കുടിശ്ശിക) | 32,77,793/- |
| | ആകെ | 51,98,805/-/- |

കുടിശ്ശിക തുക ഈടാക്കാനുള്ള ഊർജ്ജിതമായ ശ്രമം നടത്തേണ്ടതും 100% പിരിവ് കൈവരിക്കേണ്ടതുമാണ്.

ബി)സഞ്ചയ പ്യൂരിഫിക്കേഷൻ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

സഞ്ചയയിലെ ഡാറ്റയുടെ കൃത്യത പരിശോധിച്ച് പ്യൂരിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പഞ്ചായത്ത് താഴെപ്പറയുന്ന കണക്ക് നൽകിയിട്ടുണ്ട്.

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം -8609 ആണ്.

ഓപ്പറേറ്റർ പ്യൂരിഫിക്കേഷൻ കഴിഞ്ഞിട്ടുള്ളവയുടെ എണ്ണം -6199

പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുള്ളവയുടെ എണ്ണം - 2410

72% പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.
സഞ്ചയയിലെ ഡാറ്റയുടെ പ്യൂരിഫിക്കേഷൻ പൂർത്തീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

സി)മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ താഴെ കെടുക്കുന്നു.കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം-8,19.3.19)

| ക്രമ നം | വാർഡ് നം/ കെട്ടിട നം | ഉടമയുടെ പേര് | നിർണ്ണയിച്ച വസ്തു നികുതി | കുടിശ്ശിക തുക, |
|---|---|---|---|---|

| | | | | വർഷം |
|---|---|---|---|---|
| 1 | 2/228B | ഇൻഡസ് ടവർ ലിമിറ്റഡ് | 11340 | 11,340/- |
| 2 | 12/141A | ബി.എസ്.എൻ.എൽ | 4593 | 27,558/- |
| 3 | 12/147 | റിലയൻസ് | 2031 | 12,186/- |
| 4 | 12/148 | ബി എസ് എൻ എൽ | 30776 | 1,84,656/- |
| 5 | 12/149 | റിലയൻസ് | 2215 | 13,290/- |
| 6 | 12/151 | വോഡഫോൺ | 5054 | 30,324/- |

<u>ഡി)കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നു</u>

താഴെ പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കിലാണ്.

| ക്രമ നം | വാർഡ് നം | കെട്ടിട നം | ഉടമ |
|---|---|---|---|
| 1 | 3 | 339 A | മുഹമ്മദ് സവാദ് (കോളേജ് കാന്റീൻ) |
| 2 | 7 | 152 | ലക്ഷ്മി, ഗോഞ്ചീയൂർ ഊര് |
| 3 | 13 | 375 | ഗോപിനാഥൻ, മേലെ കോട്ടത്തറ |
| 4 | 13 | 327 | ബാലകൃഷ്ണൻ, കോട്ടത്തറ |
| 5 | 13 | 378A | നീലാവർണ്ണീസ, കോട്ടത്തറ |
| 6 | 13 | 91 | അഷറഫ്, മണ്ണാർക്കാട് |
| 7 | 13 | 279 | ദാമോദരൻ, കോട്ടത്തറ |
| 8 | 13 | 243 | കുഞ്ഞുമോൻ, നരിവേലിയിൽ, കോട്ടത്തറ |
| 9 | 13 | 230 | അബ്ദുൾ കരീം, കോട്ടത്തറ |
| 10 | 1 | 729 | ശെൽവമണി, തേക്കുമുക്കിയൂർ |
| 11 | 13 | 575 | കുഞ്ഞുമോൾ, നരിവേലിയിൽ, കള്ളക്കര |
| 12 | 1 | 133,134 | ശക്തിവേൽ, കോട്ടത്തറ |
| 13 | 1 | 98 | മുരുകേശൻ, കോട്ടത്തറ |
| 14 | 13 | 220 | പി.കുട്ടൻ നായർ, പ്രിയാ നിവാസ്, കോട്ടത്തറ |
| 15 | 1 | 106 | ലക്ഷ്മി, ചൊറിയന്നൂർ, കോട്ടത്തറ |
| 16 | 1 | 129 | ഷാജഹാൻ, കോട്ടത്തറ |
| 17 | 13 | 277 | കുഞ്ഞുകുട്ടൻ, കോട്ടത്തറ |
| 18 | 9 | 584 | ഡാനിയൽ, മാവുട്ടിൽ, ഷോളയൂർ |
| 19 | 12 | 200 | സുജ, പൂന്തോപ്പിൽ, ഷോളയൂർ |
| 20 | 12 | 208 | ഷീബ ബാബു, ഷോളയൂർ |
| 21 | 12 | 314 | ചിന്നസ്വാമി, ഷോളയൂർ |
| 22 | 12 | 318 | കെ എസ് ജോയ്, കൊച്ചിക്കര, ഷോളയൂർ |
| 23 | 7 | 352 | പരമശിവം, ഷോളയൂർ |
| 24 | 3 | 182 | മോഹനവേൽ, വട്ടലക്കി, മട്ടത്തുകാട് |

വസ്തുനികുതി നിർണ്ണയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

<u>ഇ)ഹോം സ്റ്റേ ആയി ഉപയോഗിക്കുന്ന കെട്ടിടത്തിന് ഗാർഹിക ആവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിരിക്കുന്നു</u>

വാർഡ് നം 8 ൽ 216 മുതൽ 222 വരെയുള്ള മുറികൾ ഹോം സ്റ്റേ ആയി ഉപയോഗിക്കുന്നവയാണ്.എന്നാൽ ഈ കെട്ടിടങ്ങളിൽ നിന്നും ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്.വസ്തു നികുതി നിർണ്ണയത്തിൽ ആവശ്യമായ മാറ്റം വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എഫ്). ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മൊബൈൽ ടവറുകളുടെ ഉൾപ്പെടെയുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റയുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള പ്യൂരിഫിക്കേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.
3. കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിക്കുമ്പോൾ ഉപയോഗ ക്രമം മാറാതെ നിർണ്ണയിക്കേണ്ടതാണ്.

ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3,4,5,6 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ആയത് ഇന്നേവരെയും രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസ നിധി രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗിൽ സ്ഥാപനം അറിയിച്ചിട്ടുണ്ട്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭവന പുനരുദ്ധാരണം - ഓവർസീയറുടെ സാക്ഷ്യപത്രമില്ലാതെ ആനുകൂല്യം നൽകിയിട്ടുണ്ട്

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി ഭവന പുനരുദ്ധാരണം ജനറൽ 2016-17 എന്ന പദ്ധതിക്കായി 16,50,000/- രൂപ അടങ്കലായി വകയിരുത്തി പ്രൊജക്റ്റ് നം. S0090/18 പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. അടങ്കലിന്റെ വിശദാംശങ്ങൾ :

| | |
|---|---|
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 1,50,000/- |
| കേന്ദ്രാവിഷ്കൃത പരിപാടി | 15,00,000/- |
| ആകെ | 16,50,000/- |

ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയതി | ചെലവ് |
|---|---|
| 2/17-18/9/11/17 | 1,50,000/- |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1,62,500/- |
| ആകെ | 3,12,500/- |

2017-18 ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി 3.04.2017 ലെ ജി.ഒ.(എം.എസ്) നം.80/2017 ത.സ്വ.ഭ.വ. പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ ഭവന പുനരുദ്ധാരണ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു :

1. പദ്ധതിക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചതിന് ശേഷം എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന്

നിഷ്കർഷിക്കുന്നു.

2. 100 ച.മീറ്റർ വിസ്തീർണ്ണത്തിലുള്ള വീടുകൾക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല.

3. പദ്ധതിയിലൂടെ നല്കുന്ന ആനുകൂല്യം ലഭ്യമാക്കുവാനായി സുജാത, w/o. ഗുരുദാസ്, കോഴിക്കുടം 9/445, ഷോളയൂർ എന്ന ഗുണഭോക്താവിന്റെ അപേക്ഷ പ്രകാരം നൽകിയ അകൗണ്ട് നമ്പറായ 1656101013314എന്നതിലേക്ക് NEFT മുഖേന തുക ട്രാൻസ്ഫർ ചെയ്യുന്നതിന് പകരം 1656101012314 എന്ന അക്കൗണ്ടിലേക്കാണ് ആനുകൂല്യം ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്.

4. സുന്ദരാമ്മാൾ w/o കാരയ്യ കൗണ്ടർ, കൽമുക്കിയൂർ, കോട്ടത്തറ എന്ന ഗുണഭോക്താവ് അപേക്ഷ മുഖേന സമർപ്പിച്ച അക്കൗണ്ട് നം. 1656108007840 ആണെങ്കിലും RTGS മുഖേന ആനുകൂല്യം നൽകിയിട്ടുള്ളത് 1656101002187 എന്ന അക്കൗണ്ടിലേക്കാണ്.

<u>നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം</u>

ക്രമ നം. 1 മുതൽ 2വരെയുള്ള നിരീക്ഷണങ്ങൾക്ക് സാധൂകരണം ലഭ്യമാക്കുന്നതോടോപ്പം ക്രമ നം.3 മുതൽ 4 വരെയുള്ളവയ്ക്ക് അഗളി സബ്ട്രഷറിയിൽ അന്വേഷിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണെന്ന് രേഖാമൂലം വ്യക്തമാക്കിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>
മേൽ വിശദീകരണ പ്രകാരം തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-2 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്

<u>ഗ്രാമ പഞ്ചായത്ത് പോഷകാഹാര വിതരണത്തിനായി ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ച് വരുന്ന കാലയളവ്.</u>

ഷോളയൂർ ഗ്രാമപഞ്ചായത്തിൽ പോഷകാഹാരത്തിന്റെ ഭാഗമായി അങ്കണവാടികൾക്ക് ലഭ്യമാകുന്ന ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ 2017-18 സാമ്പത്തിക വർഷത്തിൽ 3 മാസത്തിലൊരിക്കൽ മാത്രമെ ചെന്നയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ചിട്ടുള്ളൂ. ആയതിന് 11.08.2017, 08.12.2017, 01.01.2018, എന്നീ തിയ്യതികളിൽ ലാബ് റിപ്പോർട്ട് പോസിറ്റീവായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

തുടർ നടപടികൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-3 ലാപ്പ് ടോപ്പുകൾ വാങ്ങിയതിന്റെ - വാറണ്ടി കാലയളവ് ആവശ്യപ്പെട്ടതും വിതരണം ചെയ്തതും തമ്മിൽ അന്തരമുണ്ട്.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.ടി.വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം നടത്തുന്നതിനായി 13,80,000/- രൂപ അടങ്കലായി വകയിരുത്തി പ്രൊജക്റ്റ് നം. S0097/18 പ്രകാരം അംഗീകാരം

ലഭ്യമാക്കിയിട്ടുണ്ട്.അടങ്കലിന്റെ വിശദാംശങ്ങൾ :

| | |
|---|---|
| വികസന ഫണ്ട് (T.S.P) | 13,75,000/- |
| തനത് ഫണ്ട് | 5,000/- |
| ആകെ | 13,80,000/- |

ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 14/17-18/28/3/18 | 13,61,760/- |

അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന വിവിധ എസ്.ടി വിദ്യാർത്ഥികൾക്കായി 48 ലാപ്പ് ടോപ്പുകൾ വാങ്ങി വിതരണം ചെയ്യുന്നതിനായി ഇ-ടെണ്ടർ മുഖേന ടെണ്ടറുകൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത നോട്ടീസ് പ്രകാരം ആവശ്യപ്പെട്ട ലാപ്പ്ടോപ്പുകളുടെ സ്പെസിഫിക്കേഷനിൽ 5 വർഷ OEM വാറണ്ടിയുള്ളവ വിതരണം ചെയ്യുവാനായാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയതിന് ഏറ്റവും കുറവ് ക്വോട്ട് ചെയ്തിട്ടുള്ള മോൻഗർ ബോക്സ്, S2/1203-A, Pranavam Kareethara, Janata Road, Vyttila (p.o) Ernakulam, Kerala 682019 എന്ന സ്ഥാപനത്തിന്റെ സമർപ്പിക്കപ്പെട്ട ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

പ്രസ്തുത സ്ഥാപനം നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിൽ 3 വർഷ ഡെൽ വാറണ്ടിയും, 2 വർഷ സപ്ളൈ വാറണ്ടിയും നൽകാമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. പ്രസ്തുത ലാപ്പ്ടോപ്പുകൾ പാലക്കാട്ടിലെ ഐ.കെ.എം. ജില്ലാ ടെക്നിക്കൽ ഓഫീസർ പരിശോധനയ്ക്ക് വിധേയമാക്കിയതിന് ശേഷം ഇ-ടെണ്ടർ നൊട്ടീസിലേയും, സപ്പ്ളൈ ഓർഡർ പ്രകാരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതും, സപ്ളൈ ചെയ്തതിലും, വാറണ്ടി സ്പെസിഫിക്കേഷനുകളിൽ നിന്നും വ്യത്യസ്തമായാണ് 48 ലാപ്പ് ടോപ്പുകൾ അനുവദിച്ചിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ടിന്റെ വിശദവിവരങ്ങൾ:

ഇ-ടെണ്ടർ മുഖേന ആവശ്യപ്പെട്ട 5 വർഷ OEM വാറണ്ടിക്ക് പകരം മോൻഗർ ബോക്സ് എന്ന സ്ഥാപനം ലഭ്യമാക്കിയ 48 ലാപ്പ് ടോപ്പുകൾക്ക് ഒരു വർഷ OEM വാറണ്ടി മാത്രമെ അനുവദിച്ചിട്ടുള്ളൂ. പ്രസ്തുത വിത്യാസത്തിനുള്ള വിശദീകരണം രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കുവാൻ 17.3.2019ലെ അന്വേഷണ നം.3 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

<u>നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം</u>

ലാപ്പ്ടോപ്പുകൾ വിതരണം ചെയ്ത സ്ഥാപനം ടെണ്ടർ മുഖേന ആവശ്യപ്പെട്ട പ്രകാരം വാറണ്ടി കാലയളവ് അനുവദിക്കാത്ത സാഹചര്യത്തിൽ പുതുക്കിയ എഗ്രിമെന്റ് സപ്ളൈയർക്ക് നൽകിയിരുന്നു. ആയതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് ലഭ്യമായ ലാപ്പ് ടോപ്പുകൾ IKM പരിശോധന നടത്തി റിപ്പോർട്ട് നൽകിയതിനാലാണ് വാറണ്ടിയിലുള്ള പിഴവ് സംഭവിച്ചത്. ജില്ലയിലെ ടെക്നിക്കൽ ഓഫീസറുമായി ബന്ധപ്പെട്ട് പുതിയ പരിശോധന റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുനർ റിപ്പോർട്ട് പുറപ്പെടിക്കുകയും ആയതിൽ Dell ന്റെ വാറണ്ടി 3 വർഷവും, 2 വർഷ സപ്പളൈർ വാറണ്ടി കവറേജും ഉണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഓഡിറ്റ് വേളയിൽ രേഖാമൂലമുള്ള വിശദീകരണത്തോടൊപ്പം പുനർ പരിശോധനാ റിപ്പോർട്ട് ഹാജരാക്കുകയും, പരിശോധിച്ച് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. മേൽ വിശദീകരണ പ്രകാരം എസ്.ടി. വിദ്യാർത്ഥികൾക്ക് നൽകിയ ലാപ്പ് ടോപ്പുകൾ വിതരണം ചെയ്ത സ്ഥാപനവുമായി പുതുക്കി ചമച്ച കരാർ സമർപ്പിക്കണം.

2. ഭാവിയിൽ സപ്ളൈ ഓർഡറും, ടെണ്ടർ സ്പെസിഫിക്കേഷന്റേയും അടിസ്ഥാനത്തിൽ മാത്രം ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർ നടപടികൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-4 അങ്കണവാടികൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ ആകെ 54 അങ്കണവാടികൾ നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.ഇവയിൽ 5 അങ്കണവാടികൾ വാടക കെട്ടിടങ്ങളിലാണ് പ്രവൃത്തിച്ച് വരുന്നത്.ഇതിൽ 54 അങ്കണവാടികൾക്കും ഫിറ്റ്നസ് സർട്ടഫിക്കറ്റ് ലഭിച്ചിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സർക്കുലർ നം.31055/ഡി.സി.2/2011തസ്വഭവ 22.3.2011പ്രകാരം സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.എല്ലാ വർഷവും മെയ് 10 - നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

2.യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല.മതിയായ സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനം/ കെട്ടിട ഉടമ ആയത് ഏർപ്പെടുത്തേണ്ടതാണ്.

3.സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ / ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10 നകം എല്ലാ അങ്കണവാടികൾക്കും ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടാണ്.

മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-5 ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ

I)അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഭവന നിർമ്മാണ പദ്ധതി എസ്.സി.പി. 2015-16 എന്ന S0184/18 പ്രൊജക്റ്റ് പ്രകാരം വികസന ഫണ്ട് എസ്.പി.യിൽ നിന്നും 3,05,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയതി | ചെലവ് |
|---|---|
| 5/17-18/14/03/2018 | 1,80,000/- |
| 2/17-18/23/10/2017 | 90,000/- |
| ആകെ | 2,70,000/- |

II)അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഭവന നിർമ്മാണ പദ്ധതി ടി.എസ്.സി.പി. 2015-16 എന്ന S0186/18 പ്രൊജക്റ്റ് പ്രകാരം വികസന ഫണ്ട് ടി.എസ്.പി.യിൽ നിന്നും 18,00,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയതി | ചെലവ് |
|---|---|
| 6/17-18/14/03/18 | 1,20,000/- |
| 9/17-18/19/03/18 | 2,40,000/- |
| 15/17-18/28/03/18 | 1,80,000/- |
| 16/17-18/28/03/18 | 60,000/- |
| 17/17-18/28/03/18 | 60,000/- |

| | |
|---|---|
| ആകെ | 6,60,000/- |

1) ക്രമ നം.I,II, എന്ന സ്പിലോവർ പദ്ധതികൾക്കായി വിവിധ ഗഡുക്കൾ അനുവദിച്ചതിന് ശേഷം ഭവന നിർമ്മാണം പൂർത്തിയാക്കാത്ത നിലവിലുള്ള ഗുണഭോക്താക്കളെ വി.ഇ.ഒ യ്ക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി കൈമാറിയിട്ടുണ്ട്.

I)വി.ഇ.ഒ. നിർവ്വഹണ ഉദ്യാഗസ്ഥനായി ലൈഫ് മിഷൻ പദ്ധതി പൊതു വിഭാഗത്തിലുൾപ്പടുത്തി 13,20,000/- രൂപ അടങ്കലായി വകയിരുത്തി പ്രൊജക്റ്റ് നം.SO210/18 പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദവിവരങ്ങൾ :

| ബിൽ നം./തിയതി | ചെലവ് |
|---|---|
| 4/17-18/10/03/2018 | 7,65,000/- |
| 5/17-18/24/03/2018 | 4,15,000/- |
| ബാക്കി | 11,80,000/- |

II)വി.ഇ.ഒ. നിർവ്വഹണ ഉദ്യാഗസ്ഥനായി പട്ടിക വർഗ്ഗത്തിലുൾപ്പെടുത്തി ലൈഫ് മിഷൻ പദ്ധതിയിൽ 5,35,000/- രൂപ അടങ്കലായി വകയിരുത്തി പ്രൊജക്റ്റ് നം.SO211/18 പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദവിവരങ്ങൾ :

| ബിൽ നം./തിയതി | ചെലവ് |
|---|---|
| 6/17-18/28/03/2018 | 5,35,000/- |

2015-16 ലെ സ്പിലോവറായി തുടരുന്ന വിവിധ വകുപ്പുകളിലെ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഭാഗികമായി ഗഡുക്കൾ കൈപ്പറ്റി സമ്പൂർണ്ണ സുരക്ഷാ പദ്ധതിയിലേക്ക് കൈമാറിയ ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ :

| ക്രമ നം. | ഗുണ ഭോക്താക്കൾ | 31.03.2016ന് മുമ്പുള്ള പദ്ധതി | ലഭ്യമായ ധന സഹായം | LIFE PHASE -ൽ അന വദിക്കുന്ന സാമ്പത്തിക സഹായം | ഭവന നിർമ്മാണ സ്റ്റേജ് | റിമാർക്കസ് |
|---|---|---|---|---|---|---|
| 1 | മിനി ജോസഫ്, കുറവൻപാടി | പ്ലാൻ ഫണ്ട് ഹൗസ് (പൊതു വിഭാഗം) | 85,000 | 286640 | മേൽക്കൂര | LIFE ൽ ഉൾപ്പെടുത്തി 2,10,000 അനുവദിച്ചിട്ടുണ്ട്. |
| 2 | പ്രേമ കുര്യൻ, മാറനട്ടി | ,, | 85,000 | 286640 | ലിന്റൽ | LIFE ൽ 1,75,000 രൂപ അനുവദിച്ചിട്ടുണ്ട്. |
| 3 | വേലമണി പളനിസ്വാമി | ,, | 85,000 | 286640 | ലിന്റൽ | LIFE ൽ 1,20,000 രൂപ അനുവദിച്ചിട്ടുണ്ട് |
| 4 | മുത്തമ, നഞ്ചൻ കോളനി | ,, | 2,50,000 | 3,50,000 | ബേസ് | LIFE ൽ 1,00,000 രൂപ അനുവദിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരി ക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 5 | സരിത രജീസ്, പെട്ടിക്കൽ | ,, | 20,000 | 3,60,000 | ബേസ് | LIFE ൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 90,000 രൂപ അനുവദിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരി ക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 6 | സുമി രമേഷ് | ,, | 1,45,000 | 2,06,640 | ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല | പഞ്ചായത്തിന്റെ പരിധിയിലില്ല.<br><br>LIFE ൽ തുക നൽകിയിട്ടില്ല. |
| 7 | രാധ, w/o നഞ്ചൻ, പുളിമല | E.M.S.<br><br>( S.T.) | 1,12,500 | 4,15,931 | ലിന്റൽ | LIFE ൽ<br><br>2,00,000 രൂപ അനുവദിച്ചിട്ടുണ്ട്. |
| 8 | ശിവ, w/o മരുതൻ, പുളിമല | ,, | 1,12,500 | 4,15,931 | ബേസ് | LIFE ൽ<br><br>1,00,000 രൂപ അനുവദിച്ചിട്ടുണ്ട്. |
| 9 | ശെൽവൻകാളി | ,, | 87,500 | 4,15,931 | ലിന്റൽ | LIFE ൽ<br><br>1,50,000 രൂപ അനുവദിച്ചിട്ടുണ്ട്. |
| 10 | പൊന്നി, കാവൻ | പ്ലാൻ ഫണ്ട് (S.T) | 1,50,000 | 5,13,828 | ലിന്റൽ | LIFE ൽ<br><br>300,000 രൂപ അനുവദിച്ചിട്ടുണ്ട്. |
| 11 | നഞ്ചമ്മ, നഞ്ചൻ കോളനി | E.M.S.<br><br>( S.T.) | 87,500 | 5,29,380 | ബേസ് | LIFE ൽ<br><br>70,000 രൂപ അനുവദിച്ചിട്ടുണ്ട്. |
| 12 | ഭുവനേശ്വരി, കല്വക്കുർ | പ്ലാൻ ഫണ്ട് (S.T) | 1,05,000 | 4,15,939 | ലിന്റൽ | LIFE ൽ<br><br>1,70,000 രൂപ അനുവദിച്ചിട്ടുണ്ട്. സ്ഥല തർക്കം നിലവിലുണ്ട്. |
| 13 | ശിവാൾ, നഞ്ചമൂപ്പൻ, കടലൂക്കുർ | പ്ലാൻ ഫണ്ട് (S.T) | 87,500 | 5,29,380 | ബേസ് | LIFE ൽ<br><br>1,00,000 രൂപ അനുവദിച്ചിട്ടുണ്ട്. സ്ഥല തർക്കം നിലവിലുണ്ട്. |
| 14 | കുഞ്ഞമ്മ, മുത്തുകമാർ, കടമ്പാറ | E.M.S.<br><br>( S.T.) | 1,00,000 | 4,15,931 | ലിന്റൽ | LIFE ൽ<br><br>1,50,000 രൂപ അനുവദിച്ചിട്ടുണ്ട് |
| 15 | കാളി, കറട്ടി, കവളക്കുളം | പ്ലാൻ ഫണ്ട് (S.T) | 30,000 | 4,15,931 | ലിന്റൽ | LIFE ൽ<br><br>1,00,000 രൂപ അനുവദിച്ചിട്ടുണ്ട്. |
| 16 | കമല മുത്തു , മാറനട്ടി | പ്ലാൻ ഫണ്ട് (S.C) | 80,000 | 2,92,500 | മേൽക്കുര | LIFE ൽ<br><br>2,00,000 രൂപ അനുവദിച്ചിട്ടുണ്ട്. |
| 17 | തങ്കമ്മാൾ, തകൂരാൻ | പ്ലാൻ ഫണ്ട് (S.C) | 80,000 | 2,40,000 | ബേസ് | പഞ്ചായത്തിന്റെ പരിധിയിലില്ല.<br><br>LIFE ൽ തുക നൽകിയിട്ടില്ല. |
| 18 | സുരേഷ്, അമ്മാസി, ആനക്കട്ടി | പ്ലാൻ ഫണ്ട് (S.C) | 80,000 | 2,40,000 | ബേസ് | പഞ്ചായത്തിന്റെ പരിധിയിലില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | LIFE ൽ 1 ലക്ഷം രൂപ നൽകിയിട്ടുണ്ട്.<br><br>തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

31.03.2016 വരെ സ്പില്ലോവറായി തുടർന്ന് വരുന്ന വിവിധ ഭവന നിർമ്മാണ പ്രൊജക്റ്റുകൾ പ്രകാരം നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദവിവരങ്ങളുടെ ക്രോഡീകരിച്ച ലിസ്റ്റ് പരിശോധിക്കുവാനായി രേഖാമൂലം ആവശ്യപ്പെട്ടിരുന്നു.(17.0.2019ലെ അന്വേഷണ നം.4)പ്രസ്തുത വിവരത്തിന്റെ ക്രോഡീകരിച്ച ലിസ്റ്റ് വി.ഇ.ഒയോട് ആവശ്യപ്പെട്ടതിനെ തുടർന്ന് നിലവിൽ വെബ്സൈറ്റ് തുറക്കുവാൻ പറ്റാത്ത സാഹചര്യമാണെന്ന് വി.ഇ.ഒ. അറിയിക്കുകയും, സാധ്യമാവുന്ന സാഹചര്യത്തിൽ ആയത് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. 31.03.2016 ന് മുമ്പ് വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഗുണഭോക്കൾക്കായി അനുവദിച്ച ആനുകൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ ക്രോഡീകരിച്ച ലിസ്റ്റ് ബന്ധപ്പെട്ട വെബ്സൈറ്റിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

2. പ്രസ്തുത ഗുണഭോക്താക്കൾക്ക് LIFEന്റെ ഒന്നാം ഘട്ടത്തിലുൾപ്പെടുത്തി ആനുപാതിക സാമ്പത്തിക സഹായം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിൽ നിന്നും താമസം മാറ്റിയ ഗുണഭോക്താക്കൾക്ക് അനുവദിച്ച സാമ്പത്തിക സഹായം തിരികെ ഈടാക്കുവാൻ റവന്യൂ റിക്കവറിയുൾപ്പെടെ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങളും ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-6 അങ്കണവാടികളുടെ അനുപൂരക പോഷകാഹാരത്തിന്റെ മെയിൻ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി വികസന ഫണ്ട് (ടി.എസ്.പി.)യിൽ 37,83,000/- രൂപ അടങ്കലായി വകയിരുത്തി അങ്കണവാടികളുടെ അനുപൂരക പോഷകാഹാര വിതരണ പദ്ധതിക്കുള്ള പ്രൊജക്റ്റ് നം. S0070/18 പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ :

| ബിൽ നം./തിയതി | ചെലവ് |
|---|---|
| 3/17-18/30/08/2017 | 1,54,393/- |
| 5/17-18/19/10/2017 | 4,57,042/- |
| 6/17-18/19/10/2017 | 3,84,169/- |
| 7/17-18/23/10/2017 | 55,000/- |
| ആകെ | 10,50,604/- |

പഞ്ചായത്തിന്റെ പരിധിയിലുള്ള മേൽ സൂചിത പട്ടികയിലുൾപ്പെട്ട ബില്ലുകളിലൂടെ മാറിയ തുകകൾ പ്രകാരം 54 അങ്കണവാടികൾക്കായി ലഭ്യമാക്കിയ അനുപൂരക പോഷകാഹാരത്തിനുള്ള മാവേലി സ്റ്റോർ ലഭ്യമാക്കിയ ബില്ലുകളിലെ കണക്കുകളും മെയിൻ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും തമ്മിൽ ഒത്ത് പോവുന്നില്ലായെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. സമയപരിധി കണക്കിലെടുത്ത് ഓഡിറ്റ് വേളയിൽ തന്നെ കണക്കുകളിലെ

കൃത്യത ഉറപ്പ് വരുത്തി മെയിൻ സ്റ്റോക്ക് രജിസ്റ്റർ സമർപ്പിക്കുവാൻ കഴിയാത്ത സാഹചര്യമായതിനാൽ കൃത്യതയോടെ രജിസ്റ്റർ പുനർ സമർപ്പിക്കുന്നതാണെന്ന് രേഖാമൂലം വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് മെയിൻ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.ആയത് വരെ ഇതിലേക്കായി ചെലവഴിച്ച 10,50,604/- തടസ്സപ്പെടുത്തുന്നു.

## 3-7 അങ്കണവാടി ജീവനക്കാർക്ക് അധിക ഹോണറേറിയം നൽകിയ കണക്കുകളിലെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസറായി അങ്കണവാടി ജീവനാർക്ക് അധിക ഹോണറേറിയം നൽകുവാനായി 23,65,200/- രൂപ അടങ്കലായി വകയിരുത്തി പ്രോജക്റ്റ് നം. S0071/18 എന്ന പ്രൊജക്റ്റ് പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയതി | ചെലവ് |
|---|---|
| 2/17-18/30/8/2017 | 7,63,541/- |

54അങ്കണവാടികൾക്കുള്ള ഹെൽപ്പർമാർക്കും, വർക്കർമാർക്കും മേൽ ബില്ലിലൂടെ മാറിയ തുക പ്രകാരം അധിക ഹോണറേറിയം നൽകിയ കണക്കുകൾ പരിശോധിച്ചപ്പോൾ ഒത്ത് പോവുന്നില്ലെന്ന് ബോദ്ധ്യപ്പെട്ടു.

ആയതിനുള്ള രേഖാമൂലമുള്ള അന്വേഷണത്തിൽ സമയപരിധി കണക്കിലെടുത്ത് ഓഡിറ്റ് വേളയിൽ തന്നെ കണക്കുകളിലെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിയത്ത സാഹചര്യമായതിനാൽ ബന്ധപ്പെട്ട രേഖകൾ സഹിതം ഹോണറേറിയത്തിന്റെ കണക്കുകൾ ഓഡിറ്റിന് പുനർ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.പരിഹാര നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് കണക്കുകൾ സമർപ്പിക്കേണ്ടതാണ്.ആയത് വരെ ഇതിലേക്കായി ചെലവഴിച്ച 7,63,541/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 അങ്കണവാടികൾ - കേന്ദ്രസഹായത്തിലെ ചെലവഴിക്കാത്ത തുക ഭൗതിക സാഹചര്യങ്ങൽ മെച്ചപ്പെടുത്തുവാനായി വിനിയോഗിക്കാം.

2017-18 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളുടെ അനുപൂരക പോഷകാഹാരത്തിനായി 13,54,000 രൂപ കേന്ദ്രധനസഹായമായി ലഭ്യമായിട്ടുണ്ട്.ആയതിൽ 73,968/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.2017-18ൽ പ്രസ്തുത ഫണ്ടിൽ നീക്കിയിരിപ്പായി 12,80,032/- രൂപ അവശേഷിക്കുന്നുണ്ട്.പ്രസ്തുത തുക31.03.2018 വരെ അങ്കണവാടികളുടെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത ഫണ്ടിലെ ചെലവഴിക്കാത്ത നീക്കിയിരിപ്പ് അങ്കണവാടികൾക്കായി താഴെ പറയുന്ന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനായി വിനിയോഗിക്കാവുന്നതാണ് :

1)കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക സ്വന്തമായി സ്ഥലമില്ലാത്ത അംഗണവാടികൾക്കും, സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുവാനും വിനിയോഗിക്കാവുന്നതാണ്.

2)കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും, കുട്ടികൾക്കുള്ള കളിക്കോപ്പുകളും, പാത്രങ്ങൾ/സംഭരണികൾ എന്നിവ ലഭ്യമാക്കുവാനും മേൽ സൂചിത തുക വിനിയോഗിക്കുവാൻ മുൻഗണന നൽകേണ്ടതാണ്.

## 3-9 കുടുംബശ്രീ ആശ്രയ ചാലഞ്ച് ഫണ്ട് വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആശ്രയ ചാലഞ്ച് ഫണ്ട് വിഹിതം കുടുബശ്രീക്ക് അനുവദിച്ചതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

1)ആശ്രയ ചാലഞ്ച് ഫണ്ട് വിഹിതത്തിനായി സാധാരണ വിഹിതം പൊതു വിഭാഗത്തിലുൾപ്പെടുത്തി വികസന ഫണ്ടിൽ നിന്നും 2,00,000/- രൂപ അടങ്കലായി വകയിരുത്തി S0092/18 എന്ന പ്രാജക്റ്റ് പ്രകാരം അംഗീകാരം

ലഭ്യമാക്കിയിട്ടുണ്ട്.ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./ തിയതി | ചെലവ് |
|---|---|
| 3/17-18/14/03/18 | 2,00,000/- |

2)ആശ്രയ ചാലഞ്ച് ഫണ്ട് വിഹിതത്തിനായി സാധാരണ വിഹിതം എസ്.പി. വികസന ഫണ്ടിൽ നിന്നും 3,00,000/- രൂപ അടങ്കലായി വകയിരുത്തി S0093/18 എന്ന പ്രാജക്റ്റ് പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./ തിയതി | ചെലവ് |
|---|---|
| 4/17-18/14/03/18 | 3,00,000/- |

ക്രമ നം. 1,2 എന്നിവയിലൂടെ കുടുബശ്രീക്കായി ലഭ്യമായ ആശ്രയ ചാലഞ്ച് ഫണ്ടിലേക്ക് വിഹിതം ആനക്കട്ടിയിലെ കനറാ ബാങ്കിലെ അക്കൗണ്ട് നം.1656101005784 ലേക്കാണ് അനുവദിക്കുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി 9.3.2018 ലെ ഉത്തരവ് നം.AS-93/2017-18 പ്രകാരം അഗളിയിലെ സബ്ട്രഷറി ഓഫീസർക്ക് ആവശ്യപ്പെട്ടെങ്കിലും, അക്കൗണ്ട് നം. 1656101013726ലേക്കാണ് തുകകൾ അനുവദിച്ചിട്ടുള്ളത്.ഇപ്രകാരം അനുവദിച്ച 2,00,000/-, 3,00,000/- എന്നീ തുകകൾക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കുവാൻ 17.03.2019 ലെ അന്വേഷണ നം. 2 മുഖേന ആവശ്യപ്പെട്ടിരുന്നു.ആയതിന് താഴെ പറയുന്ന വിശദീകരണം രേഖാമൂലം സമർപ്പിക്കപ്പെട്ടിട്ടുണ്ട് :

<u>നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം</u>

എസ്.ടി. ആശ്രയുടെ എസ്.ബി. അക്കൗണ്ട് കോട്ടത്തറ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലാണ് ആശ്രയ ചാലഞ്ച് ഫണ്ട് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുവാനായി അഗളിയിലെ സബ് ട്രഷറിക്ക് നല്കിയിരുന്നത്.(അക്കൗണ്ട് നം.1656101005784).പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ IFSC ഇല്ലാത്തതിനാൽ ജനറൽ ആശ്രയയ്ക്കായി ഓപ്പറേറ്റ് ചെയ്ത് വരുന്ന കനറാ ബാങ്ക് അക്കൗണ്ട് നം. 1656101013726 ലേക്ക് ട്രാൻസ്ഫർ ചെയ്യുവാൻ സബ് ട്രഷറിയിലേക്ക് നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ S.T ആശ്രയ ഫണ്ട് 3,00,000/- രൂപ മാത്രം പ്രസ്തുത അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുമുണ്ട്.ഷോളയൂർ കുടുബശ്രീ സി.ഡി.എസ്. അക്കൗണ്ടിൽ 14/03/2018ന് എസ്.ടി. ആശ്രയക്കുള്ള 3,00,000/- രൂപ ലഭിച്ചിട്ടുള്ളതും, ജനറൽ ആശ്രയ്ക്ക് 2,00,000/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി ലഭിച്ചിട്ടുള്ളതും സി.ഡി.എസിലെ അക്കൗണ്ട് നം.1656101013726 ൽ നിക്ഷേപിച്ചിട്ടുണ്ട്.നാളിത് വരെ പ്രസ്തുത തുകകൾ ചെലവഴിച്ചിട്ടില്ലായെന്നും ഏപ്രിൽ 2019 മുതൽ ആശ്രയ അഗതി രഹിത കേരളം പ്രൊജക്റ്റിൽ -ടി- പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നതാണെന്നും രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1)നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണ പ്രകാരം ആശ്രയ ചാലഞ്ച് ഫണ്ട് വിഹിതം ചെലവഴിക്കുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രത്തോടൊപ്പം, വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-10 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം

2017-18 സാമ്പത്തിക വർഷത്തിൽ ഷോളയൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 54 അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവയിൽ 54 വർക്കറും, 54 ഹെൽപ്പറും സേവനമനുഷ്ഠിച്ച് വരുന്നുണ്ട്.

<u>അങ്കണവാടികളുടെ നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

| | |
|---|---|
| സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ | 5 |
| വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ | 5 |
| വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 53 |
| ഫാൻ ഇല്ലാത്തവയുടെ എണ്ണം | 54 |
| ചുറ്റ് മതിൽ ഇല്ലാത്തവ | 19 |
| കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികൾ | 1 |

| | |
|---|---|
| ധാന്യ സംഭരണികൾ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | 54 |
| വാട്ടർ പ്യൂരിഫയർ ഇല്ലാത്തവ | 54 |
| ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | - |
| ബേബി ഫ്രണ്ടലി ടോയ്‌ലറ്റ് ഇല്ലാത്തവ | 54 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അംഗണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.
2. വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, ചുറ്റമതിൽ എന്നിവയുടെ കേടുപാടുകൾ തീർത്ത് പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.
3. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്ക് എടുക്കുവാൻ പാടുള്ളൂ.
4. വൈദ്യുത കണക്ഷൻ ഇല്ലാത്തതും, ഫാനില്ലാത്തതുമായ അങ്കണവാടികൾക്ക് ആയത് ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ICDS സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാ വിശകലനം നടത്തി മേൽ സൂചിത പട്ടികയിലെ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുവാനുള്ള പരിഹാര നടപടികൾ സ്വീകരിക്കണ്ടതാണ്.

തുടർനടപടികൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-11 സാന്ത്വന ചികിത്സാ പദ്ധതി - അവലോകനം

| | |
|---|---|
| പ്രൊജക്റ്റ് നം. | SO170/18 |
| പേര് | സമഗ്ര പാലിയേറ്റീവ് പരിചരണം |
| അടങ്കൽ | 6,50,000/- |

ഗുരുതരമായ രോഗ ബാധിതർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ സംയുക്തമായ പ്രവർത്തനങ്ങളിലൂടെ രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ (സാധാ) നം.3217/2015 ത.സ്വ.ഭ.വ തീയതി 29.10.15 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. രോഗ ബാധിതരുടെ വീടുകൾ സന്ദർശിച്ച് കൊണ്ട് നടപ്പിലാക്കുന്ന ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. പഞ്ചായത്തിലെ സാന്ത്വന ചികിത്സാ പ്രവർത്തനങ്ങളുടെ രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1.പ്രധാന പ്രവർത്തനങ്ങൾ

ഷോളയൂർ ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 14 വാർഡുകളിൽ നിലവിൽ 97 രോഗികളെയാണ് ഹോം കേയർ സംവിധാനത്തിലൂടെ പരിചരിച്ച് വരുന്നത്. രാവിലെ 9.30 മണി മുതൽ വൈകീട്ട് 5 മണി വരെ ശരാശരി 8 രോഗബാധിതരുടെ വീടുകൾ സന്ദർശിച്ചാണ് പരിചരണം നടത്തി വരുന്നത്.

2017-18 സാമ്പത്തിക വർഷത്തിൽ വിവിധ മേഖലയിലെ ഡോക്ടർമാർ നൽകി വരുന്ന പരിചരണം സംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

1. 15 ആയുർവേദ ഡോക്ടർമാർ രോഗികളെ നേരിട്ട് സന്ദർശിച്ച് ഇവർക്കുള്ള ആവശ്യമായ പരിചരണം 177 ഹോം കേയറിലൂടെ ഉറപ്പ് വരുത്തിയിട്ടുണ്ട്.
2. ഓഡിറ്റ് കാലയളവിൽ അലോപ്പതി ഡോക്ടർമാർ രജിസ്റ്റർ ചെയ്യപ്പെട്ട 42 OP യിൽ 71 രോഗികൾക്കുള്ള പരിചരണം ഹോംകെയർ സംവിധാനത്തിലൂടെ നിർവ്വഹിച്ച് വന്നിട്ടുണ്ട്.
3. 2017-18 സാമ്പത്തിക വർഷത്തിൽ P.M.C മുഖേന വിവിധ രോഗബാധിതർക്ക് നൽകി വരുന്ന പരിചരണത്തിന്റെ വിശദാംശങ്ങൾ :

| നിലവിലെ രോഗികൾ | തുടർ പരിചരണം | ഗൃഹ പരിചരണം | രോഗികൾക്കുള്ള പരിചരണം | ഒ.പി |
|---|---|---|---|---|
| 251(രജിസ്റ്റേർഡ്) | 97 | 177 | 1204 (pain & palliative) | 42 |

| Cancer patients | Kidney | Paralysis | Peripheral vascular disease |
|---|---|---|---|
| 21 | 4 | 39 | 4 |

നിലവിൽ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയിൽ 14 മെമ്പർമാരും, 2 ആയുർവേദ ഡോക്ടറും, 2 അലോപ്പതി ഡോക്ടർമാരും, ശരാശരി 8 ഹെൽത്ത് സ്റ്റാഫും, വളണ്ടിയർമാരുമാണ് അടങ്ങുന്നത്. 13 ആശാ വർക്കർമാർ പ്രവർത്തന മേഖലയിലുണ്ടെങ്കിലും അവർ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയിൽ പങ്കെടുക്കാറില്ലായെന്ന് പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 3 മാസം കൂടുമ്പോൾ പ്രവർത്തനം അവലോകനം ചെയ്ത് അടുത്ത 3 മാസത്തിലേക്കുള്ള തീരുമാനം എടുക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 4 തവണ യോഗം ചേർന്നിട്ടുണ്ട്. ഭക്ഷണം, ഓണറേറിയം, വാഹന വാടക എന്നിവയ്ക്കാണ് വികസന ഫണ്ട് കൂടുതലായി ചെലവഴിച്ചിട്ടുള്ളത്. ഏറ്റവും അവശരായ രോഗബാധിതർക്ക് ആവശ്യമായ വാട്ടർ ബെഡ്, എയർ ബെഡ്, വാക്കർ, എന്നിവ വാങ്ങി നൽകി കാണുന്നില്ല.

<u>വാഹന വാടകയ്ക്കായി അധിക നിരക്ക് നൽകി</u>

പാലിയേറ്റീവ് ഹോം കേയർ ആവശ്യങ്ങൾക്കായി നാളിത് വരെ സ്വന്തമായി വാഹനം ലഭ്യമായിട്ടില്ല. വാടകയ്ക്ക് ലഭ്യമാകുന്ന 2 ജീപ്പിലൂടെയാണ് പ്രവർത്തനങ്ങൾ നടത്തി വരുന്നത്. വാഹനത്തിന്റെ വിശദാംശങ്ങൾ :

| | |
|---|---|
| ജീപ്പ് | KL508397 |
| ജീപ്പ് | KL40C1123 |

പ്രസ്തുത വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ KL40C1123 എന്ന വാഹനം സ്വകാര്യ വ്യക്തിയായ തങ്കമണി ഉപയോഗിച്ച് വരുന്ന LMV cab ആണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. KL508397 എന്ന വാഹനം ആനന്ദബാബു ഉപയോഗിച്ച് വരുന്ന LMV (All India Tourist Taxi) ആണെന്നും വ്യക്തമായിട്ടുണ്ട്.

പുതുക്കിയ മാർഗ്ഗരേഖ പ്രകാരം 29.10.15 മുതൽ അനുവദിക്കാവുന്ന വാഹന വാടകയ്ക്ക് സർക്കാർ അനുവദിച്ച പരമാവധി നിരക്ക് താഴെ ചേർക്കുന്നു :

| Kilometers (up & down) | പരമാവധി തുക |
|---|---:|
| 15-24 | 800 |
| 25-34 | 900 |
| 35-44 | 1000 |
| 45 കി.മി. കൂടുതൽ | 1100 |

മേൽ സൂചിത പട്ടികയിലെ അനുവദനീയമായ പരമാവധി നിരക്കിനെക്കാൾ വാഹന വാടകയ്ക്ക് നൽകിയ തുകയുള്ള അടിസ്ഥാനത്തിൽ വികസന ഫണ്ടിനുണ്ടായ നഷ്ടം താഴെ കൊടുക്കുന്നു :

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 1/17-18/14/08/17 | 96,090/- |

I)

| വൗച്ചർ നം. | തിയ്യതി | സഞ്ചരിച്ച ദൂരം. | ആകെ അനുവദിച്ചത് | അനുവദനീയമായത് | അധികം നൽകിയത് | വഹന നം. |
|---|---|---|---|---|---|---|
| 8 | 8/4/17 | 44 | 1100 | 1000 | 100 | KL40C1123 |
| 17 | 18/4/17 | 40 | 1100 | 1000 | 100 | KL508397 |
| 21 | 21/4/17 | 44 | 1100 | 1000 | 100 | KL40C1123 |
| 22 | 22/4/17 | 40 | 1100 | 1000 | 100 | KL508397 |
| 26 | 25/4/17 | 42 | 1100 | 1000 | 100 | KL508397 |
| 40 | 9/5/17 | 44 | 1100 | 1000 | 100 | KL40C1123 |
| 71 | 6/6/17 | 44 | 1100 | 1000 | 100 | KL40C1123 |
| 93 | 20/6/17 | 41 | 1100 | 1000 | 100 | KL508397 |
| 94 | 23/6/17 | 40 | 1100 | 1000 | 100 | KL508397 |
| ആകെ | | | | | 900 | |

അനുവദനീയമായ നിരക്കിൽ നിന്നും അധികരിച്ച് 900/- രൂപ നൽകിയിട്ടുണ്ട്.

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 2/17-18/23/10/17 | 68,000/- |

II)

| വൗച്ചർ നം. | തിയ്യതി | സഞ്ചരിച്ച ദൂരം. | ആകെ അനുവദിച്ചത് | അനുവദനീയമായത് | അധികം നൽകിയത് | വഹന നം. |
|---|---|---|---|---|---|---|
| 1 | 4/7/17 | - | 1100 | - | - | KL508397 |
| 3 | 4/7/17 | - | 1100 | - | - | KL40C1123 |
| 4 | 5/7/17 | - | 1100 | - | - | KL508397 |
| 6 | 8/7/17 | - | 1100 | - | - | KL40C1123 |
| 8 | 10/9/17 | - | 1100 | - | - | KL40C1123 |
| 10 | 11/7/17 | - | 1100 | - | - | KL40C1123 |
| 13 | 14/7/17 | - | 1100 | - | - | KL508397 |
| 16 | 15/7/17 | - | 1100 | - | - | KL508397 |
| ആകെ | | | | | | |

മേൽ സൂചിത പട്ടികയിൽ നിന്നും ബന്ധപ്പെട്ട വൗച്ചറുകളിലൂടെ അനുവദിച്ച വാടക വാഹനം സഞ്ചരിച്ച ദൂരം ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്താതേയാണ് നൽകിയിരിക്കുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്.

<u>വകയിരുത്തിയ തുക ചെലവഴിക്കുന്നതിൽ കുറവ്.</u>

പദ്ധതിക്കായി 6,50,000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 70% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവശ്യകത വിലയിരുത്തി മാത്രം ഫണ്ട് വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി ചേരുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതോടൊപ്പം രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.ട്രിപ്പ്ഷീറ്റിൽ വാഹനം സഞ്ചരിച്ച ദൂരം കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3. വാഹന വാടക അനുവദനീയമായ നിരക്കിൽ നിന്നും അധികരിച്ച് നൽകുന്നത് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

4. സ്വകാര്യ വ്യക്തികളുടെ വാഹനങ്ങൾ പൊതു സേവനം നിറവേറ്റുവാനായി ഉപയോഗിക്കുന്നതിന് പകരം ആംബുലൻസ് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുന്നത് അഭിലഷണീയമായിരിക്കും.വാടകയിനത്തിൽ ചെലവ് കുറയ്ക്കുവാനായി സന്നദ്ധ സംഘടനകളുടെ സഹായം തേടുന്നതിനുള്ള സാധ്യത പരിഗണിക്കാവുന്നതാണ്.

5. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയായ ജി.ഓ (ആർ.ടി) 3217/2015 ത.സ്വ.ഭ.വ തീയതി 29.10.15 ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

6. ആവശ്യകത വിലയിരുത്തി മാത്രം തുക വകയിരുത്തേണ്ടതും ആയതിൽ നിന്ന് പരമാവധി തുക ചെലവഴിക്കേണ്ടതുമാണ്.

## 3-12 മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ

<u>പൊതുമരാമത്ത് പ്രവൃത്തകളിൽ കാണുന്ന പൊതുവായ അപാകതകൾ</u>

എ) ടെണ്ടർ രജിസ്റ്ററിൽ പല ഭാഗത്തും രേഖപ്പെടുത്തലുകൾ അപൂർണമാണ്. (ടെണ്ടർ നടത്തിയ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല, വിജയിയായ ടെണ്ടറുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല, ഭരണസമിതി തീരുമാനം രേഖപ്പെടുത്തിയിട്ടില്ല മുതലായവ)

ബി) M.Book സ്റ്റോക്ക് റജിസ്റ്റർ, ടെണ്ടർ ഫോം സ്റ്റോക്ക് റജിസ്റ്റർ, റോഡ് റജിസ്ററർ എന്നിവ തൻവർഷം സൂക്ഷിച്ചിട്ടില്ല.

സി) പലപ്രോജക്റ്റുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ട് അടക്കം ചെയ്തിട്ടില്ല, എന്നാൽ ആയത് അടക്കം ചെയ്തിട്ടുള്ള പലതിലും എസ്റ്റിമേറ്റ് റിപ്പോർട്ടും അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.( ഉദാ.മൂലക്കട മോട്ടോർ സ്ഥാപിക്കൽ എന്ന പ്രോജക്റ്റിൽ എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് കൈമാറിയ തീയ്യതി, പൂർത്തീകരണ റിപ്പോർട്ട് എന്നിവ ഇല്ല.,

സി) താഴെപ്പറയുന്ന പ്രോജക്റ്റുകളിൽ എഗ്രിമെന്റ് വെച്ചിരിക്കുന്ന മുദ്ര പേപ്പറിൽ കരാറുകാരന്റെ പേരൊഴികെ മറ്റൊന്നും രേഖപ്പെടുത്തിയിട്ടില്ല

1. ദാസന്നൂർ ടാങ്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

2. കുത്താടിച്ചാള പ്രദേശം മോട്ടോർ സ്ഥാപിക്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

3. ചാവടിയൂർ പൂപ്പണിപ്രദേശം പൈപ്പ് ലൈൻ നീട്ടൽ

4. മൂലക്കട മോട്ടോർ സ്ഥാപിക്കൽ

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/21-3-2019ന് ലഭ്യമാക്കിയ മറുപടിയിൽ രേഖകളും രജിസ്റ്ററുകളും പൂർണമാക്കി ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 3-13 പൂർത്തീകരണ സമയം വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

താഴെപ്പറയുന്ന പ്രവൃത്തികളിൽ പൂർത്തീകരണ സമയം വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

| നം. | പ്രോജക്ട്, ബിൽ നം. തീയ്യതി | ബിൽ തുക | പ്രവൃത്തിയുടെ പേര് | എഗ്രീഡ് പി.എ.സി. | സൈററ് കൈ മാറിയ തീയ്യതി | പൂരത്തീകരി ക്കേണ്ട തീയ്യതി | പൂർത്തീക രിച്ച തീയ്യതി | കരാറു കാരന്റെ പേര് | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|---|---|---|---|---|
| 1 | SO 139/18, 36/17-18 30.10.17 | 447673/- | കുത്താടിച്ചാള പ്രദേശം മോട്ടോർ സ്ഥാപിക്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 418260 | 10-3-2017 | 10-6-2017 | 12-10-2017 | എൻ. ചന്ദ്രൻ | 7250 |
| 2 | SO 141/18 37/17-18 31-10-17 | 467494/- | ചാവടിയൂർ പൂപ്പണി പ്രദേശം പൈപ്പ് ലൈൻ നീട്ടൽ | 450000 | 10-3-2017 | 10-6-2017 | 24-8-2017 | എൻ. ചന്ദ്രൻ | 4100 |
| 3 | SO 140/18 38/17-18 31-10-17 | 274689/- | മൂലക്കട മോട്ടോർ സ്ഥാപിക്കൽ | 273857 | 10-3-2017 | 10-6-2017 | 24-10-2017 | എൻ. ചന്ദ്രൻ | 5477 |
| ആകെ | | | | | | | | | 16827 |

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച സർക്കാർ ഉത്തരവ് നം. 84/97 PW&T/19-8-97 പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്ന സംഗതിയിൽ കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്യുന്ന ചെയ്യുന്ന തീയ്യതിയിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ/കൺവീനർ ബാദ്ധ്യസ്ഥനാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകുന്ന സന്ദർഭങ്ങളിൽ, ആദ്യ 3 മാസം PAC യുടെ 1%വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും 2% പിഴ ഈടാക്കി മാത്രമേ ബിൽ അനുവദിക്കാവൂ. എന്നാൽ മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/21-3-2019ന് ലഭ്യമാക്കിയ മറുപടിയിൽ പിഴ ഇനത്തിൽ ഈടാക്കാനുള്ള തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പിഴ ഇനത്തിൽ 16827 രൂ. ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 കുടിവെള്ള പദ്ധതികളിൽ ടാപ്പ് കണക്ഷൻ നൽകൽ എന്ന വ്യക്തിഗത ആനുകൂല്യം നൽകിയതിൽ മാർഗനിർദേശങ്ങൾ പാലിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ജനറൽ വിഭാഗത്തിനുള്ള കുടിവെള്ള പദ്ധതികളിൽ താഴെപറയുന്നവയിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് അർഹതാ മാനദണ്ഡങ്ങൾ പരിഗണിക്കാതെ ആനുകൂല്യം നൽകിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | ആനക്കട്ടി നാലുസെന്റ് കോളനി പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ, ഫണ്ട് ഇനം | 1,00,000 രൂ. Plan(Gen) |
| കൺവീനർ | ബുഷ്റ |
| | |

| | |
|---|---|
| പ്രവൃത്തി മൂല്യം | 98979 |
| എം.ബുക്ക് | 37/16-17 |
| ബിൽ നം.തീയ്യതി, തുക | Final Bill: 16/17-18 , Rs.98979 |

മേല്പറഞ്ഞ പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

മേല്പറഞ്ഞ പ്രോജക്ടുകളിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് വീടുകളിലേക്ക് ടാപ്പ് കണക്ഷൻ നൽകിയിരിക്കുന്നു. 26-3-2019ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിലേയ്ക്ക് ടാപ്പും മീറ്ററും അനുബന്ധ സാമഗ്രികളും സ്ഥാപിച്ച് നൽകുക എന്ന വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രവൃത്തി ചെയ്യുന്നതിന് ഗ്രാമസഭകളിൽ അർഹതാ മാനദണ്ഡങ്ങൾക്കനുസരണമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ടി ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും വേണം.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾ ദാരിദ്ര്യ രേഖയക്ക് താഴെയുള്ളവർ ആയതിനാലാണ് ഇപ്രകാരം നൽകിയത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് യാതൊരു തെളിവുകളും ഫയലിൽ അടക്കം ചെയ്തിട്ടില്ല. ആയതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഗുണഭോക്താക്കളിൽ എസ്.സി./എസ്.റ്റി./ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ എന്നിവ എത്രയെണ്ണമുണ്ട് എന്ന് കണ്ടെത്തുകയും അവർക്ക് സൗജന്യമായി ടാപ്പ് കണക്ഷൻ നൽകിയത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കുകയും മറ്റുള്ളവരിൽ നിന്ന് ഈ ഇനത്തിന് നൽകിയ തുക ഈടാക്കി പഞ്ചായത്തിലേക്ക് അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 3-15 പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു

താഴെപ്പറയുന്ന പ്രവൃത്തിയിൽ ഇനങ്ങൾ ഒഴിവാക്കിയിട്ടും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. കരാർ തുക പൂർണമായി നൽകുകയും ചെയ്തിരിക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ലക്ഷം വീട് - വട്ടിലക്കി ഊര് പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ, ഫണ്ടിനം | 800000, വികസന ഫണ്ട്,(ടി.എസ്.പി) |
| കരാറുകാരന്റെ പേര് | ആർ. മൂർത്തി |
| കരാർ തുക | 686390 |
| എം.ബുക്ക്നം | 6-17-18 |
| പ്രവൃത്തിയിൽ ഉൾപ്പെട്ട ഇനങ്ങൾ | പി.വി.സി.പൈപ്പുകൾ സ്ഥാപിക്കൽ, ജി.ഐ.പൈപ്പുകൾ സ്ഥാപിക്കൽ, ഗേറ്റ് വാൽവ് സ്ഥാപിക്കൽ |
| ചെയ്ത പ്രവൃത്തികൾ | പി.വി.സി.പൈപ്പുകൾ സ്ഥാപിക്കൽ, ജി.ഐ.പൈപ്പുകൾ സ്ഥാപിക്കൽ, |
| പ്രവൃത്തി ചെയ്യാത്ത ഇനത്തിന് (ഗേറ്റ് വാൽവ് സ്ഥാപിക്കൽ) അംഗീകരിച്ച എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക | 11000രൂ. |
| ബിൽ നം. തുക. തീയ്യതി | 48/2017-18/ 9-3-2018, 686390രൂ. |

ടെണ്ടർ ഷെഡ്യൂളിൽ മൂന്ന് ഇനങ്ങൾ ചെയ്യാനുള്ള തുക രേഖപ്പെടുത്തി എഗ്രിമെന്റ് വെച്ചതിന് ശേഷം രണ്ട് ഇനങ്ങൾ മാത്രം ചെയ്യുന്നത് ക്രമപ്രകാരമല്ല. ഇപ്രകാരം പ്രവൃത്തിയിൽ വ്യത്യാസം വരുത്തുന്നു എങ്കിൽ ആയതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് ഉണ്ടാക്കി അംഗീകാരം വാങ്ങേണ്ടിയിരുന്നു. ആയത് നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/25-3-2019ന് ലഭ്യമാക്കിയ മറുപടിയിൽ 25% ൽ അധികരിക്കാതെ പ്രവൃത്തി നടപ്പാക്കിയതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അംഗീകരിച്ച എസ്റ്റിമേറ്റിൽ ഇനങ്ങൾ പുതുതായി ഉൾപ്പെടുത്തുകയോ നീക്കം ചെയ്യുകയോ ചെയ്യണമെങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടേണ്ടതുണ്ട്. ആയതിനാൽ ചെലവ് തുക 686390രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-16 തൊഴിലുറപ്പ് പദ്ധതി - നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല

നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കാതെയാണ് തൊഴിലുറപ്പ് പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം നടത്തിവരുന്നത്. നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങി നടപ്പാക്കേണ്ടത്, സർക്കാർ ഉത്തരവ് (ആർ.ടി) 1488/2014 തീയ്യതി 11-6-2014 കാണുക. ആയത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ സർക്കാർ 1256/18 തീയ്യതി 29.18, നം.1308/2018 തീയ്യതി 10.05.2018 എന്നിങ്ങനെ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അന്വേഷണത്തിൽ സ്ഥാപനം നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുതിനായുള്ള സർവ്വേ നടത്തിയിട്ടില്ല എന്നാണ് അറിയുവാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ ഓഡിറ്റ് വേളയിൽ രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടിരുന്നില്ല. എന്നിരുന്നാലും ഇക്കാര്യത്തിൽ മേലധികാരികളിൽ നിന്നും വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് ആവശ്യപ്പെടുന്നു. സ ഉ (ആർ.ടി) 2465/18തസ്വഭവ തീയ്യതി.22.09.2018 കൂടി കാണുക.

## 3-17 തെരുവു വിളക്കുകളുടെ പരിപാലനം - സംയോജിതമാക്കാവുന്നതിന്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം ചട്ടം 194ബി 4-ാം ഉപവകുപ്പ് ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ബ്ലോക്കു പഞ്ചായത്തിന്റെ സഹായത്തോടുകൂടി സംയോജിത വിളക്കുവയ്ക്കൽ സമ്പ്രദായം ആരംഭിക്കാവുന്നതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 10431084/- | ലൈഫ് മിഷൻ -ഘട്ടം 1 | -0- | 10431084/- |
| ജില്ലാ പഞ്ചായത്ത് | 2017-18 | 300000/- | പാലിന് സബ്സിഡി | -0- | 300000/- |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം.. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കാരയൂർ പമ്പ് ഹൗസിന് ട്രാൻസ്ഫർമർ സ്ഥാപിക്കൽ | | 360280 | 360280 | 0 |
| കേരള വാട്ടർ അതോറിറ്റി | കള്ളക്കര ദാസന്നൂർ കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ | | 1000000 | 1000000 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഈ ഇനത്തിൽ തൻവർഷം ചെലവ് നടന്നിട്ടില്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| E.M.S Loan | 21/10-11, LSGD, Dt.15.11.10 | 31042500 | 8697430 | 2168270 | - | 6529160 |

## 4-5 സ്ഥിര നിക്ഷേപം

ഈ ഇനത്തിൽ തൻവർഷം വരവ് ചെലവുകൾ ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നുമില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം വരവില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96970942 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101790065/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16827 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2500535 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-13 | | 16827/- | ബാബു. ബി.എം. അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 1050604/- | അന്നപൂർണ്ണി. കെ. ഐസിഡിഎസ്സ് സൂപ്പർവൈസർ |
| 3-7 | 763541/- | അന്നപൂർണ്ണി. കെ. ഐസിഡിഎസ്സ് സൂപ്പർവൈസർ |
| 3-15 | 686390/- | ബാബു. ബി.എം., അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഒന്നുമില്ല-

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

- ഒന്നുമില്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബാബു. ബി.എം.<br>അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി.,<br>ആനക്കട്ടി | കൃഷ്ണ നിവാസ്<br>വടകോട്ടത്തറ,<br>കോട്ടത്തറ (പി. ഒ.) |
| അന്നപൂർണ്ണി. കെ.<br>ഐസിഡിഎസ്സ്<br>സൂപ്പർവൈസർ | ഐസിഡിഎസ്സ്,<br>സൂപ്പർവൈസർ, ചിറ്റൂർ | W/o. ഷൺമുഖൻ,<br>നീലിക്കാട്<br>തത്തമംഗലം<br>പാലക്കാട് –<br>678102 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽഎഫ്.പി(13)/1768/08/13.5.10 | മുഴുവൻ | |
| 1996-97 | എൽ.എഫ്.പി13/1769/08/13.5.10 | മുഴുവൻ | |
| 1997-98 | എൽ.എഫ്.പി13/1770/08/13.5.10 | മുഴുവൻ | |
| 1998-99 | എൽ.എഫ്.പി13/1771/08/13.5.10 | മുഴുവൻ | |
| 1999-00 | എൽ.എഫ്.പി13/1772/08/13.5.10 | മുഴുവൻ | |
| 2000-01 | എൽ.എഫ്.പി13/1773/08/13.5.10 | മുഴുവൻ | |
| 2001-02 | എൽ.എഫ്.പി13/1774/08/13.5.10 | മുഴുവൻ | |
| 2002-03 | എൽ.എഫ്.പി22/948/14 /18.11.14 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി22/949/14 /18.11.14 | മുഴുവൻ | -ടി- |
| 2004-05 | എൽ.എഫ്.പി22/950/14 /17.11.14 | മുഴുവൻ | -ടി- |
| 2005-06 | എൽ.എഫ്.പി22/2014/ 7.11.14 | മുഴുവൻ | -ടി- |
| 2006-07 | എൽ.എഫ്.പി22/952/14 /17.11.14 | മുഴുവൻ | -ടി- |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.പി22/953/14 /7.8.14 | മുഴവൻ | -ടി- |
| 2008-09 | എൽ.എഫ്.പി22/954/14 /7.8.14 | മുഴവൻ | ഫർദർ റിപ്പോർട്ട് |
| 2009-10,<br>2010-11 | എൽ.എഫ്.പി22/955/14 /15.12.14 | മുഴവൻ | ഫർദർ റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി22/1084/15 /14.7.15 | മുഴവൻ | ഫർദർ റിപ്പോർട്ട് |
| 2012-13 | നം.എൽ.എഫ്.പി22/639/2015/11-8-15 | മുഴവൻ | ഫർദർ റിപ്പോർട്ട് |
| 2013-14<br>&<br>2014-15 | നം.കെ.എസ്.എ.പി.കെ.ഡി22/1430/16/9-8-16 | മുഴവൻ | |
| 2015-16 | കെ. എസ്.എ.പി.കെ.ഡി-24/226/2017/28-1-2017 | മുഴവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ. എസ്.എ.പി.കെ.ഡി-24/1983/2017 തീയ്യതി. 13-10-2017 | മുഴവൻ | ഓഡിറ്റ് റിപ്പോർട്ട് |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിലെ ഖണ്ഡികകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

# അനുബന്ധം-1
# ഓഡിറ്റ് സർട്ടിഫിക്കറ്റ്.

നം.കെ.എസ്.എ-പികെഡി.21/1904(11)/2018 തിയതി:29-8-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ (സാധാ) 1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വി.ഇ.ഒ TR.7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ സബിസിഡിയറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. അക്കൗണ്ടുകൾ റീകൺസിലിയേഷൻ നടത്തിയിട്ടുണ്ടെങ്കിലും ടി സ്റ്റേറ്റ്മെന്റുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. AFS പ്രകാരം Treasury Special TSB (Joint venture) എന്ന ശീർഷകത്തിൽ 4070000 രൂ. closing balance ഉണ്ട്. എന്നാൽ ആയതിന്റെ ബാങ്ക് ബുക്ക്, പാസ് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
4. വസ്തുനികുതി രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവയിയുടെ സംക്ഷിപ്തം സാക്ഷ്യപെടുത്തിയിട്ടില്ല.
5. മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക കാലാവധി "കഴിഞ്ഞ ചെക്കുകൾ (Liability in respect of stale cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.
6. Special TSB Account closing balance (ബാങ്ക് ബുക്ക് പ്രകാരമുള്ളത് ) negative ആണ്.
7. ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടയ്ക്കാൻ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 6529160ആണ്. എന്നാൽ വാർഷിക കണക്കിലെ ലെ B5ഷെഡ്യൂൾ പ്രകാരം 6288334ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.
8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
9. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-2

## പത്രികകൾ

| Sholayur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40A | 22356931.72 |
| Cash | Cash | RP-40A | 12020.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 988842.00 |
| 130000000 | Rental income from Panchayat Properties | RP-3 | 87757.00 |
| 140000000 | Fees & User Charges | RP-4 | 1142391.00 |
| 150000000 | Sale & Hire Charges | RP-5 | 47136.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 71247682.00 |
| 171000000 | Interest Earned | RP-9 | 138937.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 20726453.00 |
| 350000000 | Other Liabilities | RP-36 | 35461.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 11000.00 |
| 340000000 | Deposits Received | RP-34 | 254210.00 |
| 350000000 | Other Liabilities | RP-36 | 187436.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1363654.00 |
| 460000000 | Loans, Advances and Deposits | RP-47 | 739983.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3270651.00 |
| 220000000 | Administrative Expenses | RP-12 | 1969927.00 |
| 230000000 | Operations & Maintenance | RP-13 | 1367446.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 10256234.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 17531861.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3704286.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 10640851.00 |
| 255000000 | Maintenance Projects | RP-20 | 10563062.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 254210.00 |
| 350000000 | Other Liabilities | RP-36 | 4295305.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 290.00 |
| 340000000 | Deposits Received | RP-34 | 115404.00 |
| 350000000 | Other Liabilities | RP-36 | 1445224.00 |
| 410000000 | Fixed Assets | RP-38 | 16068521.00 |
| 412000000 | Capital work in Progress | RP-40 | 1052909.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 15884404.00 |
| 460000000 | Loans, Advances and Deposits | RP-47 | 1455420.00 |
| | Closing Balance | | |
| Bank | Bank | RP-40(B) | 17484385.72 |
| Cash | Cash | RP-40(B) | |

Sholayar Grama Panchayat

Income & Expenditure Statement

For the period from 01-April-2017 to 31-March-2018

| Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 27,41,104.00 |
| 130000000 | Rental Income from Panchayat Properties | I-3 | 87,757.00 |
| 140000000 | Fees & User Charges | I-4(b) | 11,86,021.00 |
| 150000000 | Sale & Hire Charges | I-5(b) | 47,136.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 13,70,93,175.00 |
| 171000000 | Interest Earned | I-8 | 1,38,892.00 |
| 180000000 | Other Income | I-9 | 11,000.00 |
| A | Total-Income | | 14,13,05,085.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 83,35,523.00 |
| 220000000 | Administrative Expenses | I-11(b) | 19,69,927.00 |
| 230000000 | Operations & Maintenance | I-12(b) | 13,67,446.00 |
| 240000000 | Interest & Finance Charges | I-13 | 290.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 1,61,93,041.00 |
| | | | |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 5,07,98,692.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 37,04,286.00 |
| 253000000 | Decentralised Plan Programme - Projects not included in Sector | I-14(c) | 1,06,40,851.00 |
| | Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | I-14(d) | 3,58,72,400.00 |
| | (not included under Decentralised Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 1,05,63,062.00 |
| 272000000 | Depreciation | I-17(a) | 69,28,150.00 |
| B | Total-Expenditure | | 14,63,73,668.00 |
| C = A-B | Gross Surplus/Deficit of Income over Expenditure | | (50,68,583.00) |
| D= 280000000 | Prior Period Item | I-18 | (6,58,622.00) |
| E = C-D 290000000 | Gross Surplus/Deficit of Income over Expenditure after prior period items Transfer to Reserve Funds | | (44,09,961.00) |
| | Net Balance being surplus/deficit carried over to Balance sheet (Panchayat Fund) | | |

| Sholayur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B1 | 16035603.72 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B2 | 0.0 |
| 312000000 | Reserves | B3 | 61122532.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for | B4 | 18761747.00 |

| | | | |
|---|---|---|---|
| | Specific Purposes | | |
| | Loans | | |
| 330000000 | Secured Loans | B5 | 6288334.00 |
| 331000000 | Unsecured Loans | B6 | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B7 | 1068598.00 |
| 341000000 | Deposits Works | B8 | 0.0 |
| 350000000 | Other Liabilities | B9 | 1170797.00 |
| 360000000 | Provisions | B10 | 0.0 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B11 | 71899482.00 |
| 411000000 | Accumulated Depreciation | B11 | 12878610.00 |
| 412000000 | Capital Work in Progress | B11A | 616535.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B14 | 0.0 |
| 431000000 | Sundry Debtors (Receivables) | B15 | 20835647.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B15A | 54305.00 |
| 440000000 | Pre-paid Expenses | B16 | 6288334.00 |
| 450000000 | Cash and Bank Balance | B17 | 17549828.72 |
| 460000000 | Loand, Advances and Deposits | B18 | 190700.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |